"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതശിശു വികസന വകുപ്പ്- സ്റ്റേറ്റ് നിർഭയ സെൽ-ആശ്വാസ നിധി പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീമതി. മഞ്ജു സി.എസ് എന്ന അതിജീവിതയ്ക്ക് ധനസഹായം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനിതശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.57/2025/WCDD തീയതി,തിരുവനന്തപുരം, 10-02-2025

പരാമർശം:-
1. സ.ഉ.(സാധാ) നം.701/2018/സാ.നീ.വ തീയതി.10.12.2018.
2. സ.ഉ.(സാധാ) നം. 101/2021/WCDD, തീയതി.08.11.2021.
3. സ.ഉ.(സവാധാ) നം. 488/2023/WCDD, തീയതി.04.09.2023.
4. വനിതശിശു വികസന ഡയറക്ടറുടെ 04.11.2024-ലെ DWCD/2005/2024-NCD(1) നമ്പർ കത്ത്.

**ഉത്തരവ്**

ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ, ജെൻഡർ ബെയ്സ്ഡ് അതിക്രമങ്ങൾ എന്നിവയ്ക്ക് ഇരയായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ആശ്വാസം നൽകുന്നതിനായി 'ആശ്വാസനിധി' എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി പരാമർശം (1) പ്രകാരവും പ്രസ്തുത പദ്ധതി ഭേദഗതി ചെയ്ത് പരാമർശം (2) പ്രകാരവും ഉത്തരവായിരുന്നു. ആശ്വാസനിധി പദ്ധതിയ്ക്ക് ജില്ലാതല സംസ്ഥാന തല സ്റ്റീറിംഗ് കമ്മിറ്റി രൂപീകരിച്ചും മുൻ ഉത്തരവ് ഭേദഗതി ചെയ്തും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. ശ്രീമതി. മഞ്ജു സി. എസ് മുക്കിൽ പറമ്പിൽ വീട്, വി. എച്ച് കോളനി, യു. സി കോളജ് പി. ഒ, ആലുവ എന്ന അതിജീവിത തന്റെ ഭർത്താവിൽ നിന്നും നിരന്തര ഗാർഹികാതിക്രമത്തിന് ഇരയായിട്ടുള്ളതും, പലവട്ടം അതിജീവിതയെ ക്രൂരമായി പരിക്കേല്പിച്ചിട്ടുള്ളതും തുടർന്ന് ആശുപത്രിയിൽ ചികിത്സ തേടിയിട്ടുള്ളതുമാണ്. 2019 മുതൽ പല വ്യവഹാരങ്ങളും നൽകിയെങ്കിലും അതിജീവിതയ്ക്കോ, അതിജീവിതയുടെ കുട്ടികൾക്കോ യാതൊരുവിധ സംരക്ഷണവും ലഭിച്ചിട്ടില്ലായെന്നും, സാമ്പത്തികമായി പിന്നോക്ക അവസ്ഥയിൽ ഉള്ള അതിജീവിതയുടെ അപേക്ഷ ആശ്വാസനിധി പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം

അനുവദിക്കുന്നതിന് 12.08.2024 ആശ്വാസനിധി സംസ്ഥാനതല സ്റ്റീറിംഗ് കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ടി അതിജീവിതയ്ക്ക് ആശ്വാസനിധി പദ്ധതിയിൽ ഉൾപ്പെടുത്തി 25000 രൂപ അനുവദിക്കുന്നതിനുള്ള അനുമതി നല്കണമെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. മഞ്ജു സി. എസ് എന്ന അതിജീവിതയ്ക്ക് ആശ്വാസനിധി പദ്ധതിയിൽ ഉൾപ്പെടുത്തി 25,000/-(ഇരുപത്തയ്യായിരം രൂപ മാത്രം) രൂപ അനുവദിച്ച് നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ M S

അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിതശിശു വികസന വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് കോർഡിനേറ്റർ, നിർഭയ സെൽ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 11-02-2025 10:00:16